# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 352

14.10.2011-ൽ മറുപടിക്ക്.

## വ്യവസായ മേഖലയിൽ പ്രവാസികളുടെ പങ്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ :<br>ശ്രീ. എം.എ. വാഹീദ് :<br>ശ്രീ. പി.സി. വിഷ്ണുനാഥ് :<br>ശ്രീ. അൻവർ സാദത്ത് : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) വ്യവസായ മേഖലയിൽ പ്രവാസികളുടെ പങ്ക് ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ;<br><br>(ബി) ഇതിനായി ഒരു പ്രത്യേക കർമ്മ പദ്ധതി ആവിഷ്ക്കരിക്കുവാൻ തയ്യാറാകുമോ ; | (എ) & (ബി)<br>വ്യവസായ മേഖലയിൽ പ്രവാസികളുടെ പങ്ക് ഉറപ്പാക്കുന്നതിന് പല നടപടികളും സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി പ്രവാസികളുടെ നിക്ഷേപം ആകർഷിക്കുന്നതിനായി 31.07.2011 മുതൽ 30.07.2012 വരെ നിക്ഷേപകർക്കായി പ്രവാസികൾ പ്രൊമോട്ട് ചെയ്യുന്ന കമ്പനികൾക്ക് കെ.എസ്.ഐ.ഡി.സി അനുമതി നൽകുന്ന ലോണുകൾക്ക് 2% പലിശ ഇളവു നൽകുന്നതായിരിക്കും. വ്യവസായ മേഖലയിൽ പ്രവാസികളുടെ പങ്ക് ഉറപ്പാക്കുന്നതിന് വേണ്ടി കേരളത്തിൽ കൂടുതൽ വ്യാവസായിക നിക്ഷേപം കൊണ്ടുവരുന്നതിനും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും വ്യവസായ, ഐ.ടി, ടൂറിസം, സെസ്സ്, തൊഴിൽ നയങ്ങൾ രൂപീകരിച്ചു വരുന്നു. ഇന്ത്യയ്ക്കകത്തും പുറത്തും വിവിധ മേഖലയിലെ നിക്ഷേപകരെ ആകർഷിക്കുന്നതിനു വേണ്ടി വ്യവസായ നിക്ഷേപ സംഗമങ്ങൾ നടത്താനുള്ള പദ്ധതികൾ ആവിഷ്കരിച്ചു വരികയാണ്. കൂടാതെ കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമായി മാറ്റാൻ 'എമർജിംഗ് കേരള' എന്ന നിക്ഷേപക സംഗമ പദ്ധതിയും രൂപവൽക്കരിച്ചി--ട്ടുണ്ട്.<br><br>കൂടാതെ പ്രവാസി വ്യവസായ സംരംഭകർക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിന് കിൻഫ്ര സ്ഥാപിച്ച എല്ലാ വ്യവസായ പാർക്കുകളിലും മുൻഗണന നൽകുന്നുണ്ട്. ഇപ്രകാരം വ്യവസായം ആരംഭിക്കുന്ന സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങളും വ്യവസായ |

**യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള അനുബന്ധ അനുമതികളെല്ലാം തന്നെ ഏകജാലക സംവിധാനം വഴി ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളും കിൻഫ്ര നടപ്പിലാക്കിയിട്ടുണ്ട്. ഇതു പ്രകാരം നിരവധി പ്രവാസി വ്യവസായ** സംരംഭകർ അവരുടെ യൂണിറ്റുകൾ കിൻഫ്ര പാർക്കുകളിൽ വിജയകരമായി നടത്തി വരുന്നു.

പ്രവാസികളുടെ നിക്ഷേപം ഉപയോഗപ്പെടുത്തു--ന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ 2011 ഡിസംബർ 29, 30 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് നടത്തുന്ന പ്രവാസികളുടെ 'ഗ്ലോബൽ ഓവർസീസ് മീറ്റ്' മുഖാന്തിരം സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു.

| | |
|---|---|
| (സി) സംസ്ഥാനത്തെ വിവരസാങ്കേതിക വിദ്യ, വ്യവസായം, തുടങ്ങിയ മേഖലകളിൽ വിദേശ പൗരന്മാരുടെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) ഉണ്ട്. |
| (ഡി) എങ്കിൽ മേൽപ്പറഞ്ഞ മേഖലകളിൽ പ്രവാസികളുടെ നിക്ഷേപം ഉപയോഗപ്പെടുത്താൻ നടപടികൾ എടുക്കുമോ ? | (ഡി) വ്യവസായ മേഖലയിൽ പ്രവാസികളുടെ നിക്ഷേപം പൂർണ്ണതോതിൽ ഉപയോഗപ്പെടുത്തുന്നതിന് കിൻഫ്രയുടെ പാർക്കുകളിൽ സംവിധാനങ്ങൾ നിലവിൽ ലഭ്യമാണ്. |

**സെക്ഷൻ ഓഫീസർ**